Break the chain

വനിത
ശിശുവികസന
വകുപ്പ്

150 വർഷം
മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - ഇടുക്കി സ്വദേശി അനുജിത്ത് എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:** ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 10.05.2022 തീയതിയിലെ 90/2021-22/PO(NIC)/DCPU/IDK

==========================================

## ഉത്തരവ് നമ്പർ : ICPS-4(A)/1203/2022 തീയതി: 03.06.2022

ഇടുക്കി ജില്ലയിൽ കരുണാപുരം ഗ്രാമപഞ്ചായത്തിൽ ചാഞ്ഞപ്ലാക്കൽ വീട്ടിൽ ശ്രീമതി.തങ്കമ്മയുടെ കൊച്ചുമകനായ അനുജിത്ത് സി.എസ് (13 വയസ്സ്) എന്ന കുട്ടിക്ക് മാനസിക അസ്വാസ്ഥ്യവും അക്രമവാസനയും വീട്ടുകാരെ ഉപദ്രവിക്കുവാൻ ആരംഭിച്ചതിനെ തുടർന്ന് കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കുട്ടിക്ക് കണ്ടക്ട ഡിസോർഡർ കൺഫൈൻഡ് വിത്ത് ഫാമിലി കണ്ടെന്റ് വിത്ത് മിക്സഡ് ഡിസോർഡർ ഓഫ് സ്കോളാസ്റ്റിക് സ്കിൽസ് എന്ന രോഗാവസ്ഥയാണ് . ടി അവസ്ഥയ്ക്ക് നിരന്തര ചികിത്സയും സൈക്കോതെറാപ്പിയും ആവശ്യമാണ് . കുട്ടിയുടെ പിതാവ് രണ്ട് വർഷം മുൻപ് ആത്മഹത്യ ചെയ്യുകയും മാതാവ് ഒന്നര വർഷം മുൻപ് മറ്റൊരാളെ വിവാഹം ചെയുകയും ചെയ്തു. കുട്ടി നിലവിൽ കുട്ടിയുടെ പിതാവിന്റെ മാതാപിതാക്കൾക്കൊപ്പം കഴിഞ്ഞു വരുന്നു.വാർദ്ധക്യ സഹജമായ അവശതകളും കുട്ടിയുടെ ചികിത്സയ്ക്കാവശ്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ 60,000/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ഇടുക്കി ജില്ലയിൽ കരുണാപുരം ഗ്രാമപഞ്ചായത്തിൽ ചാഞ്ഞപ്ലാക്കൽ വീട്ടിൽ ശ്രീമതി.തങ്കമ്മയുടെ കൊച്ചുമകനായ അനുജിത്ത് സി.എസ് എന്ന കുട്ടിയുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന

കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ **32,964/- രൂപ (മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയായ **32,964/-രൂപ (മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം)** ഇടുക്കി വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും അനുവദിക്കേണ്ടതും വനിത ശിശു വികസന ഓഫീസർ തുക അലോട്ട്മെന്റായി ഇടുക്കി ജില്ല ശിശു സംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

<u>പകർപ്പ്</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,ഇടുക്കി
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്